# സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ –
# കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ നടപടിക്രമം

(ഹാജർ: ശ്രീ.എസ്. ഹരികിഷോർ ഐഎഎസ്)

വിഷയം: കുടുംബശ്രീ – പരിശീലന ടീം അംഗങ്ങൾ – ഓണറേറിയം വർദ്ധിപ്പിച്ച് ഉത്തരവാകുന്നു.

പരാമർശം: 11/12/2019–ലെ ഗവേണിംഗ് ബോഡി യോഗത്തിന്റെ അജണ്ട നം. 9 തീരുമാനം

***ORDER No.777/ M/2017/KSHO DATE 16.06.2020***

കുടുംബശ്രീയുടെ വിവിധ പരിശീലന പരിപാടികൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് എല്ലാ ജില്ലകളിലുമായി 19 പരിശീലന ഗ്രൂപ്പുകൾ 2006 മുതൽ രൂപീകരിച്ചു പ്രവർത്തിച്ചു വരുന്നുണ്ട്. ടി ഗ്രൂപ്പുകളെ 2012–ൽ കുടുംബശ്രീയുടെ അംഗീകൃത പരിശീലന സ്ഥാപനങ്ങളായി ഉയർത്തിയിട്ടുണ്ട്. 2006 മുതൽ ടി ഗ്രൂപ്പുകൾ കുടുംബശ്രീയുടെ അക്കാദമിക് പ്രവർത്തനങ്ങൾ, കൈപുസ്തകം, മാർഗ്ഗരേഖ തയ്യാറാക്കൽ, പരിശീലനങ്ങൾ തുടങ്ങിയവ ഏറ്റെടുത്ത് നടത്തിവരുന്നു. ഇത്തരം പ്രവർത്തനങ്ങൾക്ക് ഓണറേറിയം ഇനത്തിൽ 500/– രൂപ (അഞ്ചൂറ് രൂപ മാത്രം) മാത്രമാണ് നാളിതുവരെ നൽകി വരുന്നത്. ജീവിത ചെലവുകൾ വർദ്ധിച്ച സാഹചര്യത്തിൽ ആദ്യകാലം മുതൽ നൽകി വരുന്ന പ്രസ്തുത ഓണറേറിയം കാലാനുസൃതമായി പരിഷ്കരിക്കേണ്ടതുണ്ട്.

പ്രസ്തുത വിഷയം 11/12/19–ൽ കൂടിയ ഗവേണിംഗ് ബോഡി യോഗം ചർച്ച ചെയ്യുകയും, കുടുംബശ്രീയുടെ നേതൃത്വത്തിലുള്ള വിവിധ സമൂഹാധിഷ്ഠിത ഗ്രൂപ്പുകളിലെ പരിശീലകർക്ക്, ഒരു ദിവസം പകൽ മുഴുവൻ സേവനം അനുഷ്ഠിക്കുന്നവർക്ക് ഓണറേറിയം ഇനത്തിൽ 750/– രൂപയും (ഏഴുന്നൂറ്റി അമ്പത് രൂപ മാത്രം), ഒരു ദിവസം രാത്രിയുൾപ്പെടെ മുഴുവൻ താമസിച്ച് (റെസിഡൻഷ്യൽ പ്രോഗ്രാം) സേവനമനുഷ്ഠിക്കുന്നതിന് 1250/ – രൂപയും (ആയിരത്തി ഇരുന്നൂറ്റി അമ്പത് രൂപ മാത്രം), ഒരു സെക്ഷൻ മാത്രം കൈകാര്യം ചെയ്യുന്നതിന് 500/– രൂപയും (അഞ്ഞൂറ് രൂപ മാത്രം) എന്ന നിരക്കിൽ ഓണറേറിയം പരിഷ്കരിച്ച് നൽകുന്നതിന് അനുമതി നൽകുകയും ചെയ്തു.

ഈ സാഹചര്യത്തിൽ കുടുംബശ്രീയുടെ നേതൃത്വത്തിലുള്ള വിവിധ സമൂഹാധിഷ്ഠിത ഗ്രൂപ്പുകളിലെ പരിശീലകരുടെ ഓണറേറിയം താഴെപറയും പ്രകാരം വർദ്ധിപ്പിച്ച് ഉത്തരവാകുന്നു.

| ക്രമ നം. | ഇനം | പുതുക്കിയ ഓണറേറിയം |
|---|---|---|
| 1. | ഒരു ദിവസം പകൽ മുഴുവൻ സേവനം അനുഷ്ഠിക്കുന്ന വർക്ക് | 750/- രൂപ |
| 2. | ഒരു മുഴുവൻ ദിവസം രാത്രിയുൾപ്പെടെ താമസിച്ച് (റസിഡൻഷ്യൽ) സേവനമനു ഷ്ഠിക്കുന്നതിന് | 1250/- രൂപ |
| 3. | ഒരു സെക്ഷൻ മാത്രം കൈകാര്യം ചെയ്യുന്നതിന് | 500/- രൂപ |

പുതുക്കിയ നിരക്കിലുള്ള ഹോണറേറിയം ഈ ഉത്തരവ് പുറപ്പെടുവിക്കുന്ന തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

(ഒപ്പ്)
എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ

1. എല്ലാ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാർക്കും
2. അക്കൗണ്ട്സ് സെക്ഷൻ

<u>പകർപ്പ്</u>

കരുതൽ/അധികം

ഉത്തരവിൻ പ്രകാരം,

അക്കൗണ്ട്സ് ഓഫീസർ.